(ബി) ഓരോ പഞ്ചായത്തിലും സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ എത്ര വീതമാണ്;

(സി) പ്രസ്തുത പദ്ധതിയുടെ കീഴിൽ ആരംഭിക്കാനുദ്ദേശിച്ചിട്ടുള്ള രാജീവ്ഗാന്ധി സേവാ കേന്ദ്രങ്ങളുടെ പ്രവർത്തനം ഈ നിയോജക മണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളിലാണ് ആരംഭിച്ചിട്ടുള്ളത്; എന്തെല്ലാം ലക്ഷ്യങ്ങളാണ് ഈ പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; എന്തെല്ലാം സേവനങ്ങളും പ്രവൃത്തികളുമാണ് ഈ കേന്ദ്രങ്ങൾ വഴി നടപ്പാക്കാനുദ്ദേശിക്കുന്നത്;

(ഡി) തൊഴിലുറപ്പ് പദ്ധതി കാര്യക്ഷമമാക്കുന്നതിന് ഈ കേന്ദ്രങ്ങൾ പ്രയോജന പ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ&ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) റാന്നി ബ്ലോക്കിലെ ഗ്രാമപഞ്ചായത്തുകൾ ഒന്നും തന്നെ ഭാരത് നിർമ്മാൺ രാജീവ്ഗാന്ധി സേവാ കേന്ദ്രങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്തിട്ടില്ല.

(ഡി) ബാധകമല്ല.

വാമനപുരം നിയോജക മണ്ഡലത്തിലെ പി.എം.ജി.എസ്.വൈ. റോഡ് നിർമ്മാണം.

36 (1434) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ചിട്ടുള്ള ഏതെല്ലാം റോഡുകളാണ് പണി ആരംഭിക്കാതെയും പണി പൂർത്തിയാക്കാൻ കഴിയാതെയും മുടങ്ങികിടക്കുന്നതെന്നും ഇതിന്റെ കാരണം എന്താണെന്നും വിശദമാക്കുമോ ;

(ബി) ഇത്തരത്തിൽ മുടങ്ങി കിടക്കുന്ന റോഡുകളുടെ പണി വീണ്ടും ആരംഭിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(സി) പല തവണ ടെണ്ടർ ചെയ്തിട്ടും പണി ഏറ്റെടുക്കാൻ കരാറുകാർ തയ്യാറാകാത്ത ഏതെല്ലാം റോഡുകളാണ് വാമനപുരം നിയോജക മണ്ഡലത്തിലുള്ളതെന്നും ഇതിനുള്ള പരിഹാര മാർഗ്ഗം എന്താണെന്നും വിശദമാക്കുമോ ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പുനർ ദർഘാസുകൾ വിളിക്കുക എന്നതാണ് നടപടിക്രമം. ആയതിന് നടപടി സ്വീകരിച്ചു വരുന്നു.

(സി) മേൽപ്പറഞ്ഞവ കൂടാതെ മറ്റ് പി.എം.ജി.എസ്.വൈ. പ്രവൃത്തികൾ ടി മണ്ഡലത്തിൽ മുടങ്ങി കിടക്കുന്നില്ല.

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസുകൾ

37 (1435) ശ്രീ. റ്റി. യു. കുരുവിള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വില്ലേജ് എക്സ്റ്റൻഷൻ ഓഫീസുകൾവഴി ഗ്രാമവികസന വകുപ്പിന്റെ ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നത് ;

(ബി) കോതമംഗലം ബ്ലോക്കിൽ സ്വന്തം കെട്ടിടമുള്ള എത്ര വില്ലേജ് എക്സ്റ്റൻഷൻ ഓഫീസുകൾ ഉണ്ട് ; ഇവയിൽ ഏതെല്ലാം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസുകൾ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ട് ; സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കാത്തവ ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(സി) ഈ ഓഫീസുകളുടെ അടിസ്ഥാന സൗകര്യത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഡി) സ്വന്തമായി കെട്ടിടമുള്ള വി.ഇ.ഒ. ഓഫീസുകൾ പ്രവർത്തനക്ഷമ മാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) നേരിട്ട് പദ്ധതികൾ ഒന്നും നടപ്പിലാക്കുന്നില്ല.

(ബി) 9. പോത്താനിക്കാട്, വാരപ്പെട്ടി, അടിവാട്, കടവൂർ, വടാട്ടുപാറ, നേര്യമംഗലം, ചെറുവട്ടൂർ എന്നീ 7 വില്ലേജ് എക്സ്റ്റൻഷൻ ഓഫീസുകൾ സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. പഞ്ചായത്ത് രാജ് ആക്ട് പ്രകാരം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരെ പഞ്ചായത്തിന് വിട്ടുകൊടുത്തിട്ടുള്ളതിനാൽ ഗ്രാമ പഞ്ചായത്തിന്റെ തീരുമാനപ്രകാരമാണ് മറ്റുള്ളവർ ഗ്രാമപഞ്ചായത്ത് കെട്ടിടത്തിൽ പ്രവർത്തിക്കുന്നത്.

(സി&ഡി) ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തിയിലുള്ള വില്ലേജ് എക്സ്റ്റൻഷൻ ഓഫീസുകൾ കാലാകാലങ്ങളിൽ മെയിന്റനൻസ് വർക്ക് നടത്തിവരുന്നുണ്ട്. നടപടി സ്വീകരിച്ചു വരുന്നു.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly